പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 350** — 27-09-2016 ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ. ഇ.പി. ജയരാജൻ** (വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നഷ്ടത്തിൽ ആയതുമായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നഷ്ടത്തിൽ ആയതുമായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും ലാഭത്തിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരായി അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർക്കുന്നതിനും അത്യാവശ്യമുള്ള പ്രവർത്തന മൂലധനസഹായത്തിനുമായി 2016-17 ലെ |

ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടിരൂപയിൽ നിന്നും ഇതിനോടകം 39.76 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക സ്ഥാപനങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | മലബാർ സിമൻറ്സ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 7 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 8 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 10 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |

****കിൻഫ്ര 2015-16 ൽ ഉൾപ്പെടുത്തിയിട്ടില്ല.***

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

| ക്രമ നം | സ്ഥാപനങ്ങൾ |
| --- | --- |
| 1 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| 2 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 3 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 4 | കേരള സ്മോൾ ഇൻട്രസ്ടീസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 5 | കേരള ക്ലേയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് |
| 6 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് |
| 7 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 8 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 9 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 10 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 11 | ഹാൻറക്സ് |
| 12 | കെൽപാം |

സെക്ഷൻ ഓഫീസർ